കേരള എക്സൈസ് വകുപ്പ്.

"മാതൃഭാഷ-മലയാളം"

എക്സൈസ് കമ്മീഷണറുടെ നടപടി ക്രമം,കേരള ,തിരുവനന്തപുരം

(ഹാജർ : എം ആർ അജിത് കുമാർ ഐ പി എസ്)

വിഷയം : **എക്സൈസ് ഭരണപരം- എക്സൈസ് വകുപ്പിലെ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലെ കേഡർ അംഗബലം പുനക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

പരാമർശം: 1. GO(P) No. 113/1990/Fin. തീയതി 15.02.1990

2. 27.07.2021 ലെ എഫ്1/85/19/നി വ നമ്പർ കത്ത്

3. 02.11.2021 ലെ EXC/1333/2019-XD3 നമ്പർ ഉത്തരവ്.

4. 17.07.2025 ലെ എഫ്1/191/2024/നികുതി നമ്പർ കത്ത്

നമ്പർ. EXC/4075/2025-XD3 തീയതി: 04-10-2025

എക്സൈസ് വകുപ്പ് നൽകുന്ന ലൈസൻസുകൾ പ്രകാരം പ്രവർത്തിക്കുന്ന താൽക്കാലിക സംരംഭങ്ങളായ കെ എസ് ബി സി സ്ഥാപനങ്ങൾ, ബ്രൂവറികൾ, ഡിസ്റ്റിലറികൾ, ഫാർ മസൂട്ടിക്കലുകൾ എന്നിവിടങ്ങളിൽ അബ്ക്കാരി നിയമവും അനുബന്ധ ചട്ടങ്ങളും അനുശാസിക്കുന്ന വിധം ടി സ്ഥാപനങ്ങളുടെ പ്രവർത്തന മേൽ നോട്ടം നിർവ്വഹിക്കുന്നതിനായി വിവിധ തസ്തികകളിലുള്ള എക്സൈസ് ഉദ്യോഗസ്ഥരെ ടി സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുള്ളതാണ്. ഇപ്രകാരം അനുവദിച്ചിട്ടുള്ള വിവിധ തസ്തികകളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അടക്കമുള്ള സാമ്പത്തിക ചെലവ് പ്രസ്തുത സ്ഥാപനങ്ങളാണ് വഹിക്കുന്നത്. ആയതിനാൽ ടി തസ്തികകൾ മാതൃ കേഡറിലെ അംഗബലത്തിന്റെ ഭാഗമായി ഉൾപ്പെടുത്താൻ പാടില്ലാത്തതാണ്. 15.02.1990-ലെ സ.ഉ.(പി) നം. 113/1990/ധന-ൽ ആയത് ചുവടെ പറയും പ്രകാരം വ്യക്തമാക്കിയിരിക്കുന്നു.

"Rule 12(4) of Kerala Service Rules, Part I defines cadre as th strength of a service or part of a service sanctioned as a separate unit. Temporary posts created under Rule 156 Part 1 Kerala Service Rules cannot be reckoned as part of the parent cadre, as such posts will have to be abolished as soon as the purpose for which the posts are created cease to exist. Government are, therefore pleased to clarify that posts created under Rule 156 Part I KSRs,

the cost of which are reimbursed by the beneficiary agencies, will not be reckoned for fixation of cadre strength and ratio promotion"

ഈ സാഹചര്യത്തിൽ കേരള സർവ്വീസ് റൂൾസ് ഭാഗം 1 ചട്ടം 156 പ്രകാരം സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകൾ ഒരു വകുപ്പിലെ കേഡർ അംഗബലം, ആനുപാതിക സ്ഥാനക്കയറ്റം എന്നിവയ്ക്ക് 15.02.1990-ലെ സ. ഉ (പി) നം. 113/1990/ധന പ്രകാരം പരിഗണിക്കാനാകില്ല. ഇപ്രകാരം സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകൾ എക്സൈസ് വകുപ്പിന്റെ കേഡർ അംഗബലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവ ഒഴിവാക്കി കേഡർ അംഗബലം പുനർനിർണ്ണയിക്കേണ്ടതാണെന്ന് സർക്കാർ പരാമർശം 2 കത്തിൽ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് ഇൻസ്പെക്ടർ കേഡറിലെ 22 താൽക്കാലിക തസ്തികകൾ കേഡർ അംഗബലത്തിൽ നിന്നും ഒഴിവാക്കി കേഡർ തസ്തികകൾ 323 ആക്കി നിജപ്പെടുത്തി പരാമർശം 3 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. കൂടാതെ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലെ കേഡർ അംഗബലം ഇപ്രകാരം പുനർ നിർണ്ണയിക്കുന്നത് സംബന്ധിച്ച് പരാമർശം 4 പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം 4 സർക്കാർ നിർദ്ദേശം പാലിക്കുന്നതിന്റെ ഭാഗമായി എക്സൈസ് ലൈസൻസ് പ്രകാരം പ്രവർത്തിക്കുന്ന കെ എസ് ബി സി സ്ഥാപനങ്ങൾ , ബ്രൂവറികൾ , ഡിസ്റ്റിലറികൾ തുടങ്ങിയവയിൽ ആകെ 29 എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികകൾ അനുവദിച്ചിട്ടുള്ളത്, സംസ്ഥാനത്ത് ആകെയുള്ള എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ 151 തസ്തികകളിൽ നിന്നും കുറവ് ചെയ്യും, ടി 29 തസ്തികകൾ കേഡർ അംഗബലത്തിൽ നിന്നും ഒഴിവാക്കിയും, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ കേഡറിലെ ആകെ അംഗബലം 122 ആയി നിജപ്പെടുത്തി ഉത്തരവാകുന്നു.

M R AJITH KUMAR
EXCISE COMMISSIONER

ഗ്രാഹകൻ: എക്സൈസ് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും

പകർപ്പ്: 1. അഡീഷണൽ ചീഫ് സെക്രട്ടറി , നികുതി വകുപ്പ് (ആമുഖ കത്ത് സഹിതം)
2. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം (ആമുഖ കത്ത് സഹിതം)
3. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോ.)
4. ഐ ടി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ

Signed by
M R Ajith Kumar I P S
Date: 04-10-2025 16:19:49